**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5243** **12-08-2021 - ൽ മറുപടിയ്ക്ക്**

**ലോട്ടറി കച്ചവടം നടത്തുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലോട്ടറി കച്ചവടം നടത്തുന്ന പാവപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോവിഡ്-19 ഒന്നാം ഘട്ട ലോക്ക് ഡൗൺ പശ്ചാത്തലത്തിൽ ഭാഗ്യക്കുറി നറുക്കെടുപ്പുകൾ റദ്ദ് ചെയ്തു മൂലം ലോട്ടറി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമുണ്ടായതിനാൽ തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്ക് കോവിഡ് ആശ്വാസ ധനസഹായമായി 1000/- രൂപ വീതം രണ്ട് ഗഡുക്കളായി നൽകിയിരുന്നു. സ്തംഭനാവസ്ഥയിലായ ഭാഗ്യക്കുറി വിപണിയെ ഉത്തേജിപ്പിക്കുന്നതിനായി സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിന് യഥാക്രമം 3500/- രൂപയുടെയും 2000/- രൂപയുടെയും ഭാഗ്യക്കൂപ്പണുകൾ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിതരായി തുടരുന്നതിലേക്കായി ഒരു ജോഡി മാസ്ക്, സാനിറ്റൈസർ എന്നിവ സൗജന്യമായി വിതരണം ചെയ്തു. രണ്ടാം ഘട്ട ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ എല്ലാ സജീവ അംഗങ്ങൾക്കും 1000/- രൂപ വീതം അടിയന്തിര ആശ്വാസ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികളെ തൊഴിൽ മേഖലയിൽ സജീവമാക്കുന്നതിന് ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും, 2021 ജൂലൈ 31 വരെയുള്ള കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3000/- രൂപ വീതവും പ്രസ്തുത വർഷം ഏപ്രിൽ 1 മുതൽ പെൻഷന് അർഹത നേടുന്ന പെൻഷൻകാർക്ക് 1000/- രൂപ വീതവും ഭാഗ്യക്കുറി |

| | | | |
|---|---|---|---|
| | | | ടിക്കറ്റ് വാങ്ങുന്നതിലേക്കായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ലോട്ടറി കച്ചവടക്കാർക്ക് ചികിത്സാ സഹായം ഉൾപ്പെടെ കൂടുതൽ ആനുകൂല്യങ്ങൾ നൽകി ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ക്ഷേമനിധിയിലെ സജീവ അംഗങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് പരമാവധി 5,000/- രൂപ വാർഷിക ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി, അപകടം/ ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്ന അംഗങ്ങൾക്ക് 50,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന പ്രത്യേക ചികിത്സാ പദ്ധതി എന്നിവ ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ